## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4534 22.07.2015 ന് മറുപടിയ്ക്ക്

### നായരങ്ങാടി-കുട്ടിഷാപ്പ് പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.ഡി.ദേവസ്സി** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ചാലക്കുടി താലൂക്കിൽപ്പെട്ട കോടശ്ശേരി വില്ലേജിലെ നായരങ്ങാടി-കുട്ടിഷാപ്പ് ദേശത്ത് പതിറ്റാണ്ടുകളായി വനം പുറമ്പോക്ക് സ്ഥലത്ത് താമസിച്ചു വരുന്ന 116 ഓളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) ഇതു സംബന്ധിച്ച അപേക്ഷകൾ ഒന്നും തന്നെ വനം വകുപ്പിൽ ലഭിച്ചിട്ടില്ല. പട്ടയം നൽകുന്നത് സംബന്ധിച്ച അപേക്ഷ സ്വീകരിക്കുന്നതും പട്ടയം നൽകുന്നതും റവന്യൂ വകുപ്പാണ്. |
| (ബി) ഇവർക്ക് പട്ടയം ലഭിയ്ക്കുന്നതിനായി വകുപ്പിന്റെ അനുമതി നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

Ajith

സെക്ഷൻ ഓഫീസർ